# റമദാനെ സ്വീകരിക്കാം

പുണ്യമാസത്തെ സ്വീകരിക്കാനുള്ള നല്ലവഴി പരിധിവിട്ടുപോകാതെ, മൽസരബുദ്ധിയോടെ പ്രവർത്തിക്കലാണ്. (المطففين ٢٦) وَفِي ذَٰلِكَ فَلْيَتَنَافَسِ الْمُتَنَافِسُونَ (മത്സരിക്കുന്നവർ അതിന് വേണ്ടി മത്സരിക്കട്ടെ)

**<u>ചില മാർഗങ്ങൾ അനുവർത്തിക്കുമെങ്കിൽ റമദാനെ സ്വീകരിക്കൽ നമുക്ക് എളുപ്പമായിരിക്കും</u>**

- ആരോഗ്യത്തോടെയും ആഫിയ്യത്തോടെയും റമദാനെ സ്വീകരിക്കാനായി പ്രാർത്ഥിക്കുക, അപ്പോളാണ് ആരാധനകളിൽ ഉന്മേഷമുണ്ടാകുകയുള്ളൂ.

عَنْ أَنَسِ بْنِ مَالِكٍ رَضِيَ اللَّهُ عَنْهُ أَنّ النَّبِيَّ صلى الله عليه وسلم كَانَ إِذَا دَخَلَ رَجَبٌ قَالَ اللَّهُمَّ بَارِكْ لَنَا فِي رَجَبٍ وَشَعْبَانَ وَبَلِّغْنَا رَمَضَانَ.

(റജബ് ആയാൽ നബി തിരുമേനി പ്രാർത്ഥിക്കാറുണ്ടായിരുന്നു, അല്ലാഹുവേ, റജബിലും ശഅ്ബാനിലും ബർക്കത്ത് ചൊരിയേണമേ, റമദാനിലേക്ക് ഞങ്ങളെ എത്തിക്കേണമേ)

- റമദാനിലേക്ക് എത്തിക്കിട്ടാനും അത് സ്വീകരിക്കാനുമായി മുൻഗാമികൾ പ്രാർത്ഥിച്ചിരുന്നു.

- റമദാൻ വന്നുകഴിഞ്ഞാൽ അല്ലാഹുവിനെ സ്തുതിക്കുക. ഇമാം നവവി പറഞ്ഞിരിക്കുന്നു: പുതിയ പുതിയ അനുഗ്രഹങ്ങളിൽ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തൽ മുസ്തഹബ്ബാണ്.

- സന്തോഷം പ്രകടിപ്പിക്കുക. റമദാന്റെ ആഗമനത്തെ സംബന്ധിച്ച് നബി തിരുമേനി അനുചരരോട് സന്തോഷവാർത്ത അറിയിച്ചിരുന്നു.

أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ " هَذَا رَمَضَانُ قَدْ جَاءَكُمْ تُفَتَّحُ فِيهِ أَبْوَابُ الْجَنَّةِ وَتُغَلَّقُ فِيهِ أَبْوَابُ النَّارِ وَتُسَلْسَلُ فِيهِ الشَّيَاطِينُ

(ഇതാ റമദാൻ നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു, അതിൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടും, നരക കവാടങ്ങൾ അടക്കപ്പെടുകയും പിശാചുക്കൾ ബന്ധിക്കപ്പെടുകയും ചെയ്യും.) നസാഇ

- റമദാൻ പ്രയോജനപ്പെടുത്തുമെന്ന് ദൃഢനിശ്ചയം ചെയ്യുക. അധികമാളുകളും റമദാനിൽ പോലും ഇഹലോക കാര്യങ്ങൾക്കാണ് മുൻതൂക്കം കൊടുക്കുന്നത്. കഴിയുമെങ്കിൽ റമദാന്റെ രാപകലുകൾക്കായി പ്രത്യേക കാര്യപരിപാടികൾ തയ്യാറാക്കുക.

- റമദാനെ സംബന്ധിച്ച് പഠിക്കുകയും കർമശാസ്ത്ര നിലപാടുകൾ അറിയുകയും ചെയ്യുക. അറിവില്ലായ്മ ഒരു കാരണമായി അല്ലാഹു പരിഗണിക്കുന്നില്ല.

(الأنبياء ٧) فَاسْأَلُوا أَهْلَ الذِّكْرِ إِنْ كُنْتُمْ لَا تَعْلَمُونَ (അറിവില്ലെങ്കിൽ അറിവുള്ളവരോട് ചോദിക്കുക)

- പാപത്തിൽ നിന്നും സമ്പൂർണ്ണമായി വിട്ടുനിൽക്കുമെന്നും പശ്ചാത്തപിക്കുമെന്നും തെറ്റിലേക്ക് മടങ്ങുകയില്ലെന്നും ദൃഢപ്രതിജ്ഞ ചെയ്യുക. കാരണം ഇത് പശ്ചാത്താപത്തിന്റെ മാസമാണ്.

وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ (النور ٣١)

(വിശ്വാസികളേ, നിങ്ങളെല്ലാരും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുവീൻ, നിങ്ങൾ വിജയിക്കും)

- ഖുർആൻ പാരായണം, പുസ്തക പാരായണം, റമദാന്റെ മഹത്വം വർണിക്കുന്നവ കേൾക്കൽ എന്നിവയിലൂടെ മനസ്സിനെയും ശരീരത്തെയും ഒരുക്കിയെടുക്കുക.
- ശഅ്ബാന്റെ അവസാനം നബി തിരുമേനി സ്വഹാബികളെ ഇത്തരത്തിൽ ഒരുക്കിയെടുത്തിരുന്നു (അവലംബം അഹ്മദ്, നസാഈ)
- റമദാനിലേക്ക് ജനങ്ങളെ ക്ഷണിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുക. ഉദാ: റമദാൻ ലഘുലേഖകൾ വിതരണം ചെയ്യുക, സോഷ്യൽ മീഡിയകളിൽ റമദാൻ സന്ദേശങ്ങൾ ചെയ്യുക, പാവങ്ങൾക്ക് വേണ്ടി സംഭാവനകൾ നൽകാൻ പ്രേരിപ്പിക്കുക.
- തെളിഞ്ഞ മനസ്സോടെ റമദാനെ സ്വാഗതം ചെയ്യുക. ഉദാ: അല്ലാഹുവിനോട് പശ്ചാത്തപിക്കൽ, പ്രവാചക തിരുമേനിയുടെ നിർദേശങ്ങളും നിരോധനങ്ങളും അനുസരിക്കുക, മാതാപിതാക്കളോടും ബന്ധുജനങ്ങളോടും ഭാര്യാമക്കളോടും ബന്ധം പുലർത്തുകയും നന്മകളിൽ ഏർപ്പെടുകയും ചെയ്യുക. സമൂഹത്തിൽ സദ്വൃത്തനായി ജീവിക്കുക.

قال رسول الله – صلى الله عليه وسلم – (خير الناس أنفعهم للناس) حسن البيهقي والطبراني.

(ഏറ്റവും നല്ലവൻ ജനത്തിന് ഏറ്റവും ഉപകാരപ്പെടുന്നവനാണ്)

<u>റമദാൻ ഏറ്റവും നന്നായി ഉപയോഗപ്പെടുത്താനായി ചില കാര്യങ്ങൽ ശ്രദ്ധിക്കേണ്ടതുണ്ട്.</u> അതിലൊന്നാണ് ഇഖ്ലാസ്. അത് അനുസരണത്തിന്റ ആത്മാവാണ്, കർമങ്ങൾ സ്വീകാര്യ യോഗ്യമാകുന്നതിനുള്ള മാനദണ്ഡമാണ്. ഇബ്നു ഖയ്യിം(റ) പറഞ്ഞിരിക്കുന്നു: അടിമയുടെ ഉദ്ധേശശുദ്ധിയും താത്പര്യവും പരിഗണിച്ചാണ് അല്ലാഹു അവസരം തരുന്നത്.

وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ (البينة ٥)

(നിഷ്കളങ്കരും ഋജുമാനസരുമായി അല്ലാഹുവിന് ആരാധനയർപ്പിക്കണമെന്നാണ് അവരോട് നിർദേശിക്കപ്പെട്ടിട്ടുള്ളത്)

നോമ്പുകാർക്കായി അല്ലാഹു ഒരുക്കിവെച്ചിരിക്കുന്ന വമ്പിച്ച പ്രതിഫലം അറിയാൻ ശ്രമിക്കുക. നോമ്പുകാരന് വമ്പിച്ച പ്രതിഫലമാണുള്ളത്, അല്ലാഹുവല്ലാതെ അത് അറിയുകയില്ല.

قَالَ اللهُ: كُلُّ عَمَلِ ابْنِ آدَمَ لَهُ إِلاَّ الصِّيَامَ، فَإِنَّهُ لِي وَأَنَا أَجْزِي بِهِ، (متفق عليه)

(ആദം സന്തതികളുടെ കർമങ്ങളെല്ലാം അവനുള്ളതാണ്. നോമ്പൊഴികെ, അത് എനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്) അല്ലാഹുവിന്റെ ഈ പ്രഖ്യാപനം വിശ്വാസികൾക്ക് കൂടുതൽ ആവേശം നൽകുന്നതാണ്.

സ്വർഗ പ്രവേശനത്തിനായി നോമ്പ് അടിമക്ക് വേണ്ടി ശുപാർശ ചെയ്യും.
സ്വർഗത്തിൽ ഒരു കവാടമുണ്ട്. റയ്യാൻ എന്നാണ് അതിന് പറയപ്പെടുക. നോമ്പുകാരല്ലാതെ അതിലൂടെ കടക്കുകയില്ല.
കഴിഞ്ഞുപോയ സകല പാപങ്ങളും റമദാൻ നോമ്പ് കൊണ്ട് പൊറുക്കപ്പെടും.
റമദാനിൽ നോമ്പുകാരന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടും.

അതിനാൽ ഈ അനുഗ്രഹങ്ങൾ നേടിയെടുക്കാനായി അതീവ താത്പര്യത്തോടെ തയ്യാറെടുക്കുക.
മറ്റു മാസങ്ങളേക്കാൾ കൂടുതലായി നബി തിരുമേനി റമദാനിലെ ആരാധനകൾക്ക് പ്രാധാന്യത കൊടുത്തിരുന്നു. നിസ്കാരം, ദിക്ർ, ദുആ, സ്വദഖ തുടങ്ങിയ കർമങ്ങൾ നബി(സ) കൂടുതലായി ചെയ്തു. മറ്റു മാസങ്ങളിൽ ചെയ്യാത്ത കർമങ്ങൾ റമദാനിൽ ചെയ്തു. നബിയെ പിന്തുടരുക.

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ (الأحزاب ٢١)

(നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതരിൽ ഉത്തമ മാതൃകയുണ്ട്)
വിശ്വാസി റമദാനിൽ നേടിയെടുക്കുന്ന അനുഗ്രങ്ങളാണ് അവന് ആവേശം ഉളവാക്കുന്നത്. വിശ്വാസപരമായ അനുഭൂതിയും ശാരീരികവുമായ ശക്തിയും അവന് അധികരിക്കുന്നു. ഭക്ഷണവും വെള്ളവും ഉപേക്ഷിക്കുമ്പോളും പ്രയാസങ്ങൾ സഹിക്കാനുള്ള കഴിവ് ലഭിക്കുന്നു, ഫർദുകളും സുന്നത്തുകളും നിർവഹിക്കാനുള്ള ശക്തി ലഭിക്കുന്നു.

സമയത്തിന്റ ബറകത്ത് റമദാനിൽ ലഭ്യമാകുന്ന മറ്റൊരു അനുഗ്രഹമാണ്. ഈ അധിക സമയം ഖുർആനിന് വേണ്ടി മാറ്റിവെയ്ക്കുക.

വേറയും ചില മഹത്വങ്ങൾ കൊണ്ട് അല്ലാഹു ഈ മാസത്തിന് പ്രത്യേകത നൽകിയിട്ടുണ്ട്. അതായത് നോമ്പുകാരന്റെ ആമാശയത്തിലെ ഭക്ഷണമില്ലായ്മയുടെ കാരണത്താൽ വായിലൂടെ പുറത്തേക്ക് വരുന്ന ദുർഗന്ധം അല്ലാഹുവിന്റടുക്കൽ കസ്തൂരിയേക്കാൾ സുഗന്ധമുള്ളതാണ്.
നോമ്പ് തുറക്കുവോളം മലക്കുകൾ നോമ്പുകാർക്കായി പാപമോചനം തേടിക്കൊണ്ടിരിക്കും.

എല്ലാ ദിവസവും സ്വർഗത്തെ അലങ്കരിച്ചു കൊണ്ട് അല്ലാഹു സ്വർഗത്തോട് പറയും "പ്രയാസവും ബുദ്ധിമുട്ടും അനുഭവിച്ച സദ്വൃത്തരായ എന്റെ അടിമകൾ നിന്നിലേക്ക് വരാൻ സമയമായിരിക്കുന്നു."

ആയിരം മാസത്തേക്കാൾ ഉത്തമമായ ഒരു രാത്രി അതിലുണ്ട്. ആ നന്മ കിട്ടാത്തവൻ സകല നന്മകളും നഷ്ടപ്പെട്ടവനാണ്.
റമദാന്റെ അവസാന രാത്രിയിൽ നോമ്പുകാർക്ക് പൊറുത്തുകൊടുക്കപ്പെടും.
റമദാന്റെ അവസാന രാത്രിയിൽ അല്ലാഹു നരകത്തിൽ നിന്നും മോചിപ്പിക്കുന്ന ചിലരുണ്ട്.

<u>റമാദാന്റെ മഹത്വം തിരിച്ചറിഞ്ഞ സ്വഹാബികൾ ആരാധനയിൽ അതിതാത്പര്യം പുലർത്തി.</u>
രാവുകൾ നമസ്കാരത്തിലും ഖുർആൻ പാരായണത്തിലും സജീവമാക്കി. പാവങ്ങൾക്ക് ധർമം നൽകി, അവരോട് അനുകമ്പ പുലർത്തി. ഭക്ഷണവിതരണം നടത്തി. നോമ്പുകാരെ നോമ്പു തുറപ്പിച്ചു.
സഹോദരങ്ങളേ, നമുക്കു വേണ്ടി അല്ലാഹുവിനോട് ശുപാർശ ചെയ്യുന്ന നല്ലൊരു കൂട്ടുകാരനാണ് നോമ്പ്. നോമ്പും രാത്രി നമസ്കാരങ്ങളും പാപം പൊറുക്കാനുള്ള കാരണങ്ങളാണ്. സാമൂഹികവും ശാരീരികവും ലൈംഗികവും ആരോഗ്യപരവുമായ പല പ്രശ്നങ്ങൾക്കുമുള്ള പ്രതിവിധി നോമ്പിലുണ്ട്. ഇതിലുപരി ٢١ الاسراء – وَلَلآخِرَةُ أَكْبَرُ دَرَجَاتٍ وَأَكْبَرُ تَفْضِيلاً (പരലോകമാകുന്നു ഏറെ പദവികളുള്ളതും ഏറ്റവും മഹത്വമേകുന്നതും)

തയ്യാറാക്കിയത്: സാജിദ് നദ്‌വി ഈരാറ്റുപേട്ട